# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 371. 06-03-2012-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശികയുമായി ബന്ധപ്പെട്ട കേസുകൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി. ഉബൈദുള്ള. | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) | |
| (എ) | എച്ച്. റ്റി., ഇച്ച്.റ്റി. ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ബോർഡിനു ലഭിക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയെന്നു വെളിപ്പെടുത്തുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ പേരു വിവരം വെളിപ്പെടുത്തുമോ; | (എ) | 30.09.2011 ലെ കണക്കനുസരിച്ച് 924.82 കോടി പിരിഞ്ഞു കിട്ടാനുണ്ട്. ഈ സ്ഥപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥകൾ അനുവദിക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കുടിശ്ശികയുമായി ബന്ധപ്പെട്ട് കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾ കാര്യക്ഷമമായി വാദിക്കാൻ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു | (സി) & (ഡി) | കുടിശ്ശികയുമായി ബന്ധപ്പെട്ട് കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾ ത്വരിതപ്പെടുത്താനുള്ള നടപടി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക കേസ്സുകൾ അദാലത്തു |

| | |
|---|---|
| വ്യക്തമാക്കുമോ; | കൾ വഴി തീർപ്പാർക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിവരുന്നു. ഇതിനു വേണ്ടി പലിശനിരക്കുകൾ കുറച്ചു കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. 219 കേസ്സുകളിൽ തീർപ്പു കൽപ്പിച്ചു. അതുവഴി 3.5 കോടി രൂപയോളം ബോർഡിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കേസ്സുകളിൽ തീർപ്പുകൽപ്പിച്ചു വെന്നും, അതുവഴി ബോർഡിനു എത്രതുക ലഭിച്ചുവെന്നും വ്യക്ത മാക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.